"ഭരണഭാഷ - മാതൃഭാഷ"

**വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം**

(പൊതുവിദ്യാഭ്യാസ വകുപ്പ്)

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്**

പൊതു വിദ്യാഭ്യാസം - ജീവനം - 01/01/2010 മുതൽ 31/12/2012 വരെ നിയമിതരായ ജൂനിയർ ക്ലാർക്കുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നത് - സംബന്ധിച്ച്

---

**സീനിയോറിറ്റി വിഭാഗം**

**നം. എസ്.വൈ(3) 62278/2013/ഡി.പി.ഐ** **തീയതി, തിരുവനന്തപുരം 30/06/2016**

---

സൂചന : -
1) സർക്കാർ ഉത്തരവ് (കൈ) നം.132/2014/പൊ.വി.വ തീയതി 17/07/2014
2) സർക്കാർ ഉത്തരവ് (എം.എസ്) നം.22/2014/പി ആൻഡ് എ.ആർ.ഡി തീയതി.21/07/2014
3) 29/08/2014 ലെ ഇതേ നം. സർക്കുലർ
4) സർക്കുലർ നം. എസ്.വൈ.3/87211/15/ഡി.പി.ഐ തീയതി. 29/04/2016

**ഉത്തരവ്**

01/01/2010 മുതൽ 31/12/2012 വരെ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിയമിതരായ ജൂനിയർ ക്ലാർക്കുമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് സൂചന (3) പ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നു.

സൂചന (2) ലെ സർക്കാർ ഉത്തരവ് അനുസരിച്ച് സൂപ്പർ ന്യൂമററി തസ്തികയിൽ ആശ്രിത നിയമനം ലഭിച്ചവരുടെ സീനിയോറിറ്റി, ടി തസ്തിക ക്രമീകരിച്ച തീയതി മുതലാണ് കണക്കാക്കേണ്ടതെന്നു നിർദ്ദേശിച്ചിരുന്നു. അതിനാൽ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട സൂപ്പർ ന്യൂമററി തസ്തികയിൽ ആശ്രിത നിയമനം ലഭിച്ചവരുടെ സീനിയോറിറ്റി പുന:നിർണയം ചെയ്തിട്ടുണ്ട്.

സൂചന (1) പ്രകാരം സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകളിലെ സർക്കാർ സർവ്വീസിലേയ്ക്ക് വരാൻ ഓപ്ഷൻ നൽകിയ ക്ലാർക്കുമാരെ അവരുടെ നിയമന ഉത്തരവ് തീയതി കണക്കാക്കി ഈ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നു.

റൂൾ 27 ബി കെ.എസ് & എസ്.എസ്.ആർ, പാർട്ട് II പ്രകാരം സീനിയോറിറ്റി ലിസ്റ്റ് പുന : നിർണ്ണയിക്കാനുള്ള അധികാരം സർക്കാരിന് മാത്രമാണ്.

നാളിതുവരെ ലഭിച്ച പരാതികൾ പരിഹരിച്ചതിനാൽ 01/01/2010 മുതൽ 31/12/2012 വരെ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിയമിതരായ ജൂനിയർ ക്ലാർക്കുമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് അന്തിമപ്പെടുത്തി ഇതോടൊപ്പം ചേർത്ത് ഇതിനാൽ ഉത്തരവാകുന്നു.

**സന്തോഷ് കുമാർ. ഡി**
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
**വിദ്യാഭ്യാസ ഡയറക്ടർ ആഫീസ്**
**തിരുവനന്തപുരം**

(മറുപുറം)